# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2670 09.05.2017-ലെ മറുപടിയ്ക്ക്

**തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| (എ) | പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് കരട് ചട്ടങ്ങൾ തയ്യാറാക്കാൻ ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തി. വിവിധ സർവ്വീസ് സംഘടനകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകളുമായി ചർച്ച നടത്തുകയുണ്ടായി. തുടർനടപടികൾ നടന്നുവരുന്നു. |
| (ബി) | ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഘടനകളിൽ ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്, വിശദീകരിക്കാമോ; | (ബി) | ജീവനക്കാരുടെ സംഘടനകൾ നൽകിയ നിർദ്ദേശങ്ങൾ ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ പരിശോധിച്ചു വരുന്നു. |
| (സി) | വകുപ്പ് സംയോജനംമൂലം പഞ്ചായത്ത് വകുപ്പിൽ നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുവാൻ സാഹചര്യമുണ്ടോ; ആയത് പരിഹരിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; | (സി) & (ഡി) | വിവിധ വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് ലോക്കൽ ഗവണ്മെന്റ് കമ്മീഷനിൽ നിന്നും കരട് ചട്ടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അത്തരം പ്രശ്നങ്ങൾ പരിശോധിക്കുന്നതാണ്. |
| (ഡി) | നിലവിലെ സമാന തസ്തികകളിലെ സീനിയോറിറ്റിയും അടുത്ത തലത്തിലുള്ള പ്രൊമോഷനും എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്, വിശദീകരിക്കാമോ? | | |

Beena

സെക്ഷൻ ഓഫീസർ